മലങ്കര സുറിയാനി ഓർത്തഡോക്സ് സഭ
യൂറോപ്പ് ഭദ്രാസനം

വാർഷിക റിപ്പോർട്ട് 2025-2026

ത്രിയേക ദൈവത്തിന് സ്തുതി

“നമ്മുടെ കർത്താവ് രക്ഷ പ്രാപിക്കുന്നവരെ പ്രതിദിനം സഭയിൽ ചേർത്തുകൊണ്ടിരുന്നു.” (അപ്പൊ. 2:47)

സകലത്തിന്റെയും സൃഷ്ടാവും നമ്മുടെ രക്ഷിതാവുമായ ത്രിയേക ദൈവത്തിന് സ്തുതിയും സ്തോത്രവും കൃതജ്ഞതയും സമർപ്പിച്ചുകൊണ്ട് 2025–2026 വർഷത്തെ യൂറോപ്പ് ഭദ്രാസനത്തിന്റെ വാർഷിക റിപ്പോർട്ട് വിനയപൂർവ്വം സമർപ്പിക്കുന്നു.

അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസ് ശ്ലീഹായുടെ ശ്ലൈഹീക സിംഹാസനത്തിൽ വാണരുളുന്ന പരി. മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവയോടും മലങ്കര മെത്രാപ്പോലീത്തയും ശ്രേഷ്ഠ കാതോലിക്കയുമായ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവയോടും ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് തിരുമേനിയോടുമുള്ള കൂറും വിധേയത്വവും ആദരപൂർവ്വം സമർപ്പിക്കുന്നു.

കാതോലിക്കാ വാഴ്ച

ദൈവാനുഗ്രഹത്തിന്റെയും അവിടുത്തെ പരിപാലനയുടെയും വിസ്മയനീയമായ വഴികളിൽ, 2025 മാർച്ച് 25നു ലബനോണിൽ വച്ച് ആകമായ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ തൃക്കയ്യാൽ മലങ്കര യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവാക്ക് യൂറോപ്പ് ഭദ്രാസനത്തിന്റെ എല്ലാ ആശംസകളും രേഖപ്പെടുത്തുന്നു. യൂറോപ്പ് ഭദ്രാസനത്തിന് വേണ്ടി വന്ദ്യ ജോഷ്വ റമ്പാച്ചൻ ചടങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി.

ജന്മദിനാഘോഷം

അനുഗ്രഹീതമായ 60 വർഷങ്ങൾ നിറവാർന്ന ശോഭയോടെ തിളങ്ങുന്ന അഭിവന്ദ്യ തിരുമനസ്സിന് ജന്മദിനത്തിന്റെ ഒരായിരം മംഗളാശംസകൾ. ഏൽപ്പിക്കുന്ന ഏതു ചുമതലയും പൂർണ്ണമായ ആത്മാർത്ഥതയോടും സമർപ്പണത്തോടും കൂടി, സഭയോടുള്ള ആഴമായ വിശ്വാസത്തിലും അചഞ്ചലമായ വിശ്വസ്തതയിലും ഉറച്ചുനിന്ന് ഇതര സഭകളോടും മതങ്ങളോടും വിവിധ പ്രത്യയശാസ്ത്രങ്ങളോടും ആദരവു നിറഞ്ഞ സമീപനത്തോടെ സാമൂഹിക-രാഷ്ട്രീയ മേഖലകളിലുടനീളം വലിയൊരു സുഹൃദ്വലയം സൃഷ്ടിച്ചു വചന പ്രഘോഷണത്തിലും അക്കാദമിക് മേഖലകളിലും ഒരുപോലെ പ്രാവീണ്യം നിറഞ്ഞ അഭിവന്ദ്യ തിരുമേനിയുടെ ഷഷ്ടിപൂർത്തിയുടെ ആഘോഷങ്ങളിൽ യൂറോപ്പ്

ഭദ്രാസനത്തിലെ എല്ലാ ആത്മീയ മക്കളുടെയും ആശംസകൾ അറിയിക്കുന്നു. ഭദ്രാസനത്തിന് വേണ്ടി പി. ആർ.ഒ. ജോളി തുരുത്തുമ്മേൽ, കൗൺസിൽ അംഗങ്ങളായ ബേസിൽ ഉതുപ്പ്, റെജി സ്വിറ്റ്സർലൻഡ് എന്നിവർ സെമിനാരി സ്കൂളിൽ വച്ച് നടന്ന ആഘോഷ പരിപാടികളിൽ പങ്കെടുക്കുകയും അഭിവന്ദ്യ തിരുമേനിക്ക് മെമന്റോ നൽകുകയും ചെയ്തു.

പുതിയ ഇടവകകൾ

ദൈവകൃപയാൽ നിലവിൽ യൂറോപ്പിലെ 13 രാജ്യങ്ങളിലായി 24 ഇടവകകളും കോൺഗ്രിഗേഷനുകളും സജീവമായി പ്രവർത്തിച്ചു വരുന്നു. വിവിധ രാജ്യങ്ങളിലേക്ക് പുതുതായി കുടിയേറുന്ന വിശ്വാസികളുടെ ആത്മീയ പരിചരണത്തിനായി പുതിയ കോൺഗ്രിഗേഷനുകൾ ആരംഭിക്കുന്നതിനുള്ള പരിശ്രമങ്ങളും തുടർന്നു കൊണ്ടിരിക്കുന്നു.

കഴിഞ്ഞ വർഷം ബെൽജിയത്ത് ബഹു. ഏലിയാസ് വർഗീസ് അച്ചന്റെ നേതൃത്വത്തിലും ജർമ്മനിയിലെ നൂൻബർഗിൽ ബഹു പോൾ പി ജോർജ് അച്ചന്റെ നേതൃത്വത്തിലും കൊളോണിൽ ബഹു. എബ്രഹാം കുരിയൻ അച്ചന്റെ നേതൃത്വത്തിലും ലാത്വിയയിലെ റിഗയിൽ വന്ദ്യ ജോഷ്വാ റമ്പാച്ചന്റെ നേതൃത്വത്തിലും പുതിയ കോൺഗ്രിഗേഷനുകൾ സ്ഥാപിതമായി. ബഹുമാനപ്പെട്ട വൈദികരോടും കൂടെ പ്രവർത്തിച്ച കൗൺസിൽ അംഗങ്ങളോടും ഇടവക വിശ്വാസികളോടുമുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

ഭദ്രാസനത്തിലെ നിലവിലെ ഇടവകകളും വികാരിമാരും

	Name of Church	Country	Priest in Charge
1	St. Mary's Malankara Syrian Orthodox Church Vienna Lainzerstrasse 154a, 1130, Vienna, Austria	AUSTRIA	Fr. Joshua Ramban Vettikkattil
2	St. Mary's Malankara Syrian Orthodox Church Switzerland Schlossrainstrasse 7,5013 Niedergösgen, Switzerland	SWITZERLAND	Fr. Paul P George
3	St. Mary's Malankara Syrian Orthodox Church Malta 72, Triq sanguzepp Pieta, Malta	MALTA	Fr. Paul P George
4	St. Mary's Malankara Syrian Orthodox Congregation Munich Platz der Menschenrechte 2, 81829 München, Germany	GERMANY	Fr. Thomas Jacob Manimala
5	St. Mary's Malankara Syrian Orthodox Church Herne Deutsche Str. 1, n, 44649 Herne, Germany	GERMANY	Fr. Dr. Thomas Jacob

6	St. George Malankara Syrian Orthodox Congregation Frankfurt Homburger Straße 190, 61118 – Bad Vilbel, Germany	GERMANY	Fr. Paul P George Fr. Eljo Avarachan
7	St. Elias Malankara Syrian Orthodox Congregation Berlin Syrisch Orthodoxe Kirche Mor Afem, Mindener Straße 1, 10589 Berlin	GERMANY	Fr. Dr. Thomas Jacob Fr. Renju Kurian
8	Malankara Syrian Orthodox Congregation Regensburg Bischof-Wittmann-Straße 24A, 93051, Regensburg, Germany	GERMANY	Fr. Paul P George
9	Malankara Syrian Orthodox Congregation Erfurt Catholic Priest Seminary, Holzheienstraße 15, 99084 Erfurt, Germany	GERMANY	Fr. Renju Kurian
10	St. Peter's Malankara Syrian Orthodox Congregation Hannover Heilig Geist Kirche, Niggemannweg 18, 30659 Hannover, Germany	GERMANY	Fr. Renju Kurian
11	Malankara Syrian Orthodox Congregation Jena St. Johannes Baptist Kirche, Wagnergasse 34, 07743 Jena, Germany	GERMANY	Fr. Renju Kurian
12	St. Mary's Malankara Syrian Orthodox Congregation Denmark St. Theresa's Church, Bernstorffsvej 56, 2900 – Hellerup	DENMARK	Fr. Eldhose Vattaparambil
13	St. Mary's Malankara Syrian Orthodox Congregation Amsterdam Westelijk Halfrond 1, 1183 HN Amstelveen	NEDERLAND	Fr. Joshua Ramban Fr. Elias Varghese
14	St. Mary's Malankara Syrian Orthodox Church Norway Eikeli Katolske Kirke, Veståsen 18, 1362 Oslo, Norway	NORWAY	Fr. Eldhose Vattaparambil
15	St. Mary's Malankara Syrian Orthodox Congregation Gothenburg Kungsladugårds kyrka, Majgatan 2, 414 75 Göteborg, Sweden	SWEDEN	Fr. Eldhose Vattaparambil
16	St. Elias Malankara Syrian Orthodox Congregation Stockholm Teologiska Högskolan Stockholm, Åkeshovsvägen 29, 168 39 Bromma, Sweden	SWEDEN	Fr. Eldhose Vattaparambil

17	St. Peter’s & St. Paul's Malankara Syrian Orthodox Church Rome Figlie della chiesa, Viale Vaticano 62, Rome	ITALY	Fr. Joshua Ramban
18	Malankara Syriac Orthodox Congregation Napoli Santa Chiara Church, Via Raffaele Libroia, 86, Nocera Inferiore, Salerno, Napoli	ITALY	
19	Malankara Syriac Orthodox Congregation Sicily Chiesa di sant Febronia, Via Vizzolo 9, Patti, Sicily	ITALY	
20	Malankara Syriac Orthodox Congregation Warsaw Lelechowska 5, 02-351, Warsaw, Poland	POLAND	Fr. Joshua Ramban
21	St. Mary’s Malankara Syriac Orthodox Congregation Krakow John Paul II Sanctury, Krakow, Poland	POLAND	Fr. Joshua Ramban
22	St. Mary’s Malankara Syrian Orthodox Congregation Varna, Bulgaria bul. "Knyaz Boris I" 80, 9002, Centre, Varna	BULGARIA	Fr. Joshua Ramban
23	St. Basil Malankara Syrian Orthodox Congregation Hamburg Winsener Str. 187, 21077 Hamburg	GERMANY	Fr. Renju Kurian
24	St. Ignatius Malankara Syriac Orthodox Congregation Stuttgart, Germany	GERMANY	Fr. Renju Kurian
25	Malankara Syriac Orthodox Congregation Belgium	BELGIUM	Fr. Elias Varghese
26	Malankara Syriac Orthodox Congregation Nürnberg	GERMANY	Fr. Paul P George
27	Malankara Syriac Orthodox Congregation Köln, Germany	GERMANY	Fr. Renju Kurian
28	Malankara Syriac Orthodox Congregation Riga, Latvia	LATVIA	Joshua Ramban

ഇതര ഭദ്രാസന പ്രവർത്തനങ്ങൾ

1. എട്ടാമത് യൂറോപ്പ് ഭദ്രാസന ഫാമിലി കോൺഫറൻസ് - 2025, ക്രാകോവ്

മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ യൂറോപ്പ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ എട്ടാമത് ഫാമിലി കോൺഫറൻസ് 2025 മെയ് 2, 3, 4 തീയതികളിൽ പോളണ്ടിലെ ക്രാകോവ് ഇടവകയുടെ ആതിഥേയത്തിൽ അനുഗ്രഹപ്രദമായി നടത്തപ്പെട്ടു.

ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുരിയാക്കോസ് തിരുമേനി കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. “ദൈവകൃപയിലും ജ്ഞാനത്തിലും വളരുവിൻ” (2 പത്രോസ് 3:16) എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി തിരുമേനി പ്രസംഗിച്ചു.

പോളിഷ് ഓർത്തഡോക്സ് സഭയുടെ റവ. ഡോ. വ്ലാഡിമിർ മുഖ്യ അതിഥിയായി പങ്കെടുത്തു. കുട്ടികൾക്കും യുവതിയുവാക്കൾക്കും കുടുംബങ്ങൾക്കും പ്രത്യേകം ക്രമീകരിച്ച ക്ലാസുകൾക്കും ചർച്ചകൾക്കും വിവിധ പരിപാടികൾക്കും വിയന്നയിൽ നിന്നുള്ള മലങ്കര കത്തോലിക്കാ സഭയുടെ റവ. ഫാ. ഷൈജു മാത്യു, യൂറോപ്പ് ഭദ്രാസനത്തിലെ റവ. ഡോ. തോമസ് ജേക്കബ് മണിമല, റവ. ഫാ. എൽദോസ് വട്ടപറമ്പിൽ, റവ. ഫാ. എൽജോ അവറാച്ചൻ, റവ. ഫാ. പോൾ പി ജോർജ്, റവ. ഫാ. ബിജോ എലിയാസ്, റവ. ഫാ. റെഞ്ചു കുര്യൻ എന്നിവർ നേതൃത്വം നൽകി.

കുട്ടികൾക്കും കൗമാരക്കാർക്കും പ്രത്യേകം നടത്തിയ പ്രോഗ്രാമുകൾക്ക് യൂറോപ്പ് ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ ശ്രീ സുധീഷ് മാത്യു, ശ്രീമതി സിന്ധു അബ്ജിൻ, ശ്രീ വിനീത് വർഗീസ്, ശ്രീമതി ലിയ എൽദോസ്, ശ്രീമതി ലിസി മോൻസി, ശ്രീമതി ജോമോൾ ജോഷി എന്നിവർ നേതൃത്വം നൽകി.

ഞായറാഴ്ച അഭിവന്ദ്യ തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ ക്രാകോവിലെ വിശുദ്ധ ഫൗസ്റ്റീനയുടെ കബറിടം സ്ഥിതി ചെയ്യുന്ന ഡിവൈൻ മേഴ്സി കത്തീഡ്രൽ ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ചരിത്രപ്രസിദ്ധമായ ക്രാകോവിലെ ദേവാലയങ്ങളും പഴയ പട്ടണവും സന്ദർശിച്ചു.

യൂറോപ്പിലെ 13 രാജ്യങ്ങളിൽ നിന്നായി നൂറിലധികം പ്രതിനിധികൾ കോൺഫറൻസിൽ പങ്കെടുത്തു. കോൺഫറൻസ് ജനറൽ കൺവീനറായി ഭദ്രാസന സെക്രട്ടറിയായ വന്ദ്യ വെട്ടിക്കാട്ടിൽ ജോഷ്വാ റമ്പാൻ, പി.ആർ.ഒ. ശ്രീ ജോളി തുരുത്തുമ്മേൽ, സഭ മാനേജിംഗ് കമ്മിറ്റി അംഗം കമാൻഡർ ജോർജ്ജ് പടിക്കകുടി, ക്രാകോവ് ഇടവക കൺവീനർമാരായ ശ്രീ വിനീത് തോമസ്, ശ്രീ ക്രിസ്റ്റോ യോഹന്നാൻ, ശ്രീ അബ്ലിൻ എൽസൺ എന്നിവർ കോൺഫറൻസിനു നേതൃത്വം നൽകി.

2. ഹാശാ ആഴ്ച കൺവെൻഷൻ

2025 ഹാശാ ആഴ്ചയിലെ ആദ്യത്തെ മൂന്ന് ദിവസങ്ങളായ ഓശാന ഞായറാഴ്ച, ഹാശാ തിങ്കൾ, ഹാശാ ചൊവ്വ ദിവസങ്ങളിൽ (ഏപ്രിൽ 13,14,15) വൈകിട്ട് 6 മുതൽ 8 വരെ ഹാശാ ആഴ്ച കൺവൻഷൻ മുൻ വർഷങ്ങളിലേതുപോലെ അനുഗ്രഹപ്രദമായി നടത്തപ്പെട്ടു. റവ. ഫാ. ജോർജി ജോൺ കട്ടച്ചിറ (മസ്കറ്റ്), റവ. ഫാ. സജി എബ്രഹാം (അയർലൻഡ്), റവ. ഫാ. രജീഷ് സ്കറിയ (അയർലൻഡ്) എന്നവർ വചന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നും ഏകദേശം 100ൽപരം ആളുകൾ പങ്കെടുത്തു. ഇത് ഹാശാ ആഴ്ചയിൽ വിശ്വാസികൾക്ക് ഏറെ ആത്മീയ ഉണർവിനും ഒരുക്കത്തിനും പ്രാർത്ഥനകൾക്കും ഇടയാക്കിതീർത്തു.

ദൈവത്തിന്റെ കൃപയാലും കാരുണ്യത്താലും, താഴെപ്പറയുന്ന പള്ളികളിൽ പീഡാനുഭവ ആഴ്ചയിലെ ശുശ്രൂഷകൾ പൂർണ്ണമായോ ഭാഗികമായോ നടത്താൻ സാധിച്ചു.

Parish Name	Palm Sunday	Pesaha	Good Friday	Easter
St. Mary's Vienna	13thApr, 09:00	16th Apr, 19:00	18th Apr, 09:00	20th Apr, 09:00
St. Mary's Swiss	13thApr, 09:30	16th Apr, 18:00	18th Apr, 09:30	20th Apr, 09:30
St. Mary's Munich	13thApr, 13:30	16th Apr, 18:00	18th Apr, 11:30	20th Apr, 13:00
St. Mary's Malta	13thApr, 18:30	16th Apr, 19:00	18th Apr, 08:00	19th Apr, 18:30
St. Mary's Herne	12th Apr, 10:00	16th Apr, 15:00	18th Apr, 10:30	19th Apr, 15:30
St. Thomas Amsterdam	12th Apr, 18:00	16th Apr, 18:00	18th Apr, 07:00	19th Apr, 22:30
St. George Frankfurt	12th Apr, 10:00	16th Apr, 16:30	18th Apr, 09:00	19th Apr, 13:00
St. Elias Berlin	13th Apr, 12:30	16th Apr, 19:30	18th Apr, 09:30	19th Apr, 17:30
St. Mary's Denmark	13th Apr, 15:30	17th Apr, 9:30		
St. Peter's Hannover	13th Apr, 12:30			20th Apr, 13:00
St. Mary's Norway	12th Apr, 09:30			
St. Mary's Gothenburg			18th Apr, 10:00	19th Apr, 15:30
St. Mary's Krakow				
MSOC Warsaw	12th Apr, 15:00			19th Apr, 20:00
St. Basil Hamburg	12th Apr, 10:30			20th Apr, 13:30
St. Ignatius Stuttgart	13th Apr, 13:00			20th Apr, 13:00
MSOC Regensburg	12th Apr, 9:30			

3. വൈദിക യോഗം

യൂറോപ്പ് ഭദ്രാസന വൈദീക ധ്യാനം സെപ്റ്റംബർ 22,23,24 തീയതികളിൽ ആയി ജർമനിയിലെ മ്യുണിക്കിനടുത്ത് ആൽഫൻ മലനിരകളുടെ പ്രകൃതി സൗന്ദര്യം നിറഞ്ഞു നിൽക്കുന്ന ഗാർമിഷ് പാർട്ടൻകിർഹൻ എന്ന സ്ഥലത്ത് വച്ചു നടത്തപ്പെട്ടു. ഇടവക മെത്രാപ്പോലോത്ത അഭി. ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രസനത്തിലെ അഞ്ചോളാം വൈദീകർ താമസിച്ചുള്ള ഈ ധ്യാനത്തിൽ പങ്കെടുത്തു. പ്രാർത്ഥനകൾക്കും ധ്യാനത്തിനും അഭി. തിരുമേനി നേതൃത്വം നൽകി. വൈദീകർക്ക് പരസ്പരം ഒത്തു ചേരുവാനും പരി. സഭക്ക് വേണ്ടി പ്രാർത്ഥിക്കുവാനും ഭദ്രാസനതിന്റെ വിവിധങ്ങളായ സാധ്യതതകളും വെല്ലുവിളികളും വിലയിരുത്തുവാനും വിവിധങ്ങളായ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുവാനും ഈ വൈദീക കൂട്ടായ്മ ഇടയാക്കി.

4. കൗൺസിൽ മീറ്റിംഗ്

2025-26 വർഷത്തിൽ 17 ജനുവരി,17 മാർച്ച്, 20 ആഗസ്റ്റ്, 22 സെപ്റ്റംബർ എന്നീ ദിവസങ്ങളിലായി നാല് തവണ കൗൺസിൽ മീറ്റിംഗ് നടത്തുകയുണ്ടായി.

5. നുഹറൊ - ക്രിസ്തുമസ് കരോൾ ഗാന മത്സരം

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിൻറെ പിറവി ആഘോഷങ്ങളുടെ ഭാഗമായി ഭദ്രാസനത്തിലെ എല്ലാ ഇടവകകളെയും ഏകോപിപ്പിച്ചു കൊണ്ട് 2025 ഡിസംബർ 16നു സന്ധ്യക്ക് ക്രിസ്തുമസ് കരോൾ ഗാന മത്സരം നുഹറൊ 2025 ഇടവക മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. മലങ്കര മെത്രാപ്പോലീത്തയും ശ്രേഷ്ഠ കാതോലിക്കയുമായ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവ തിരുമനസ്സുകൊണ്ട് അനുഗ്രഹ പ്രഭാഷണം നൽകി യൂറോപ്പ് ഇടവകളെ അനുഗ്രഹിച്ചു. യൂറോപ്പിലെ വിവിധ ഇടങ്ങളിൽ നിന്നായി 150ൽ പരം കുടുംബങ്ങൾ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു. 17 ഇടവകകളിൽ നിന്നുമുള്ള കരോൾ ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. നോർവേയിലെ ഓസ്ലോയിൽ നിന്നുള്ള സെന്റ് മേരീസ് ഇടവക ടീമിന് 300 യൂറോയുടെ ഒന്നാം സമ്മാനവും, പോളണ്ടിലെ വാർസോയിൽ നിന്നുള്ള മലങ്കര സുറിയാനി ഇടവക ടീമിന് 250 യൂറോയുടെ രണ്ടാം സമ്മാനവും, നെതർലാൻഡ്സിലെ ആംസ്റ്റർഡാമിൽ നിന്നുള്ള സെന്റ് തോമസ് ഇടവക ടീമിന് 200 യൂറോയുടെ മൂന്നാം സമ്മാനവും ലഭിച്ചു. എത്രയും ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചൻ മത്സരങ്ങൾക്ക് നേതൃത്വം നൽകി. ഇടവകളിലെ എല്ലാവരുടേയും ആത്മീയ സഹകരണത്തിനും പരസ്പര ബന്ധങ്ങൾ ആഴപ്പെടുത്തുന്നതിനും ഇത് സഹായകമാവുകയും ഭദ്രാസനത്തിലെ പ്രവർത്തനങ്ങളുടെ മാറ്റുകൂട്ടുന്നതിനും ഇത് ഇടയാവുകയും ചെയ്തു.

6. പ്രീമാരിറ്റൽ കോഴ്സുകൾ - 2025

2025 വർഷത്തിൽ നാല് തവണ പ്രീമാരിറ്റൽ കൗൺസിലിംഗ് കോഴ്സ് നടത്തി. ആകെ കോൺഫറൻസിൽ 68 യുവതി യുവാക്കൾ കോഴ്സിൽ പങ്കെടുത്തു. വിവാഹജീവിതത്തെ ആത്മീയവും മാനസികവുമായ ദൃഢതയോടും ഒരുക്കത്തോടും ആരംഭിക്കാൻ കോഴ്സുകൾ സഹായകമായി. ബഹുമാനപ്പെട്ട ജോഷ്വ വെട്ടിക്കാട്ടിൽ റമ്പാൻ കോഴ്സ് ഡയറക്ടർ ആയും, ഫാ. ഡോ. തോമസ് ജേക്കബ്, ഫാ. എൽദോസ് വട്ടപ്പറമ്പിൽ എന്നിവർ നേതൃത്വവും നൽകുന്നു.

7. യാമ പ്രാർത്ഥനകളും നോമ്പ് നമസ്കാരങ്ങളും

എല്ലാ ദിവസങ്ങളിലും രാവിലെ 7 മണിക്കും വൈകിട്ടി 7 മണിക്കും ഓൺലൈൻ വഴിയായി യാമ നമസ്കാരങ്ങൾ മുടങ്ങാതെ നടത്തി വരുന്നു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രാർത്ഥനകളിൽ അനേകം വിശ്വാസികൾ മുടങ്ങാതെ

ഇതിൽ പങ്കെടുക്കുന്നു. പുതിയ തലമുറകൾക്ക് പ്രാർത്ഥനകൾ പഠിക്കുന്നതിനും അത് ഏറ്റു ചൊല്ലുന്നതിനും ഇത് ഏറെ സഹായകമാവുന്നു. അതോടൊപ്പം വലിയ നോമ്പിന്റെ ദിവസങ്ങളിൽ ഉച്ച നമസ്കാരവും എല്ലാ വെള്ളിയാഴ്ചയും ഉപവാസ പ്രാർത്ഥനകളും വചന ശുശ്രൂഷയും നടത്തി.

8. വരവ് ചിലവ് കണക്കുകൾ

ഭദ്രാസനത്തിന്റെ അനുദിന ചെലവുകളുടെ കണക്കുകൾ, ബാങ്കിൽ ഒരു സബ് അക്കൗണ്ട് തുടങ്ങി കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്ന ഭദ്രാസന ട്രഷറർ ശ്രീ ബേസിൽ തോമസ് മേനോത്തുമാലിനോടുള്ള കൗൺസിലിന്റെ നന്ദി അറിയിക്കുന്നു. 2025-26 വർഷം ആകെ വരവ് 8715, 79 യൂറോയും ചിലവ് 3269,16 യൂറോയും ആകെ നീക്കിയിരിപ്പ് 5446,63 യൂറോയും ആണ്. ഭദ്രാസന ചെലവുകളിലേക്കായി സംഭാവനകൾ നൽകി സഹകരിക്കുന്ന ഓരോ ഇടവകയോടും ഇടവക ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു. കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്ത ഭദ്രാസന ഓഡിറ്റർ ശ്രീ സുധീഷ് മാത്യുവിനോടുള്ള കൗൺസിലിന്റെ കൃതജ്ഞതയും അർപ്പിക്കുന്നു.

9. ഭക്തസംഘടന പ്രവർത്തനങ്ങൾ

അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വിവിധ ഭക്ത സംഘടന പ്രവർത്തനങ്ങൾ വളരെ ഭംഗിയായി ഏകോപിപ്പിച്ചു പോയിക്കൊണ്ടിരിക്കുന്നു.

i. വനിതാസമാജം പ്രവർത്തനങ്ങൾ

ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചൻറെ നേതൃത്വത്തിൽ വനിതാസമാജത്തിൻറെ പ്രവർത്തനങ്ങൾ സഭയ്ക്ക്, പ്രത്യേകിച്ച് യൂറോപ്പ് ഭദ്രാസനത്തിന് ഏറെ അഭിമാനമാകുന്ന വിധത്തിൽ വ്യത്യസ്തമായ പ്രോഗ്രാമുകളോടെ പ്രവർത്തിച്ചു വരുന്നു. സമാജം സെക്രട്ടറിയായി ശ്രീമതി ടീന ജോസഫ് (ജർമ്മനി), ജോ.സെക്രട്ടറിയായി ശ്രീമതി അന്നമ്മ മോൻസി (സ്വിറ്റ്സർലൻഡ്), ട്രഷറർ ആയി ശ്രീമതി മെറിൻ കുഞ്ഞുമോൻ (മാൾട്ട), ജോ. ട്രഷറർ ആയി ശ്രീമതി സീന ചാക്കോ (ഡെന്മാർക്ക്) എന്നിവർ ഭാരവാഹികളായി പ്രവർത്തിച്ചു വരുന്നു. വനിതാ സമാജം തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് താഴെ ചേർത്തിട്ടുണ്ട്.

ii. സൺഡേസ്കൂൾ

ഭദ്രാസനത്തിലെ എല്ലാ ഇടവകളിലും വി. ആരാധനക്കു ശേഷം സൺഡേസ്കൂൾ പ്രവർത്തിച്ചു വരുന്നു. അതോടൊപ്പം ഓൺലൈൻ സൺഡേസ്കൂൾ യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള സൺഡേ സ്കൂൾ കുട്ടികളെ ചേർത്തുവച്ചുകൊണ്ട് എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 2 മണി മുതൽ മൂന്നര വരെയുള്ള സമയങ്ങളിൽ ഓൺലൈൻ വഴിയായി സൺഡേ സ്കൂൾ കുട്ടികൾക്ക് ക്ലാസുകൾ നടത്തി വരുന്നു. സൺഡേ സ്കൂൾ വൈസ് പ്രസിഡന്റായി വന്ദ്യ ജോഷ്വ റമ്പാൻ, ഡയറക്ടറായി ശ്രീ സുധീഷ് മാത്യു, പരീക്ഷ ഇൻസ്പെക്ടറായി വിനീത് വർഗീസ്, സ്റ്റാഫ് സെക്രട്ടറിയായി

ക്രിസ്റ്റോ യോഹന്നാൻ എന്നിവർ പ്രവർത്തിക്കുന്നു. എല്ലാ വൈദികരുടെയും, ശെമ്മാശൻമാരുടെയും, വിവിധ ഇടവകകളിൽ നിന്നുള്ള അധ്യാപകരുടെയും അത്മാർത്ഥമായ സമർപ്പണം ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നു. വിശദമായ റിപ്പോർട്ട് താഴെ ചേർക്കുന്നു.

iii. യൂത്ത് അസോസിയേഷൻ

ഭദ്രാസന യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് ബഹുമാനപ്പെട്ട എബ്രഹാം കുര്യൻ അച്ചന്റെ നേതൃത്വത്തിൽ യൂത്ത് അസോസിയേഷൻ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുന്നോട്ടു പോകുന്നു. ഭദ്രാസന യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ ബെർലിൻ ദൈവാലയത്തിന്റെ ആതിഥേയത്തിൽ 2025 ഒക്ടോബർ 18,19 തീയതികളിലായി ക്രമീകരിക്കപ്പെട്ട **'റിവൈവ് 2025' യൂത്ത് അസോസിയേഷൻ ക്യാമ്പ്** യുവതി യുവാക്കൾക്ക് വളരെ ആവേശകരമായിരുന്നു. വിവിധ ദൈവാലയങ്ങളിൽ നിന്നായി നൂറിൽ പരം യുവതീയുവാക്കൾ ഇതിൽ സംബന്ധിച്ചു. അഭിവന്ദ്യ ഇടവക മെത്രാപ്പോലിത്ത അധ്യക്ഷത വഹിച്ച ക്യാമ്പിൽ ഭദ്രാസനത്തിലെ എല്ലാ വൈദികരും സന്നിഹിതരായിരുന്നു.യൂത്ത് സെക്രട്ടറി ശ്രീ റോയ് ഐസക് സമർപ്പിച്ച റിപ്പോർട്ടും ഇതോടൊപ്പം താഴെ ചേർക്കുന്നു.

നന്ദി സമർപ്പണം

നമ്മെ അനുദിനം വഴി നടത്തുന്ന സർവ്വ ശക്തനായ ദൈവത്തിനു നന്ദി അർപ്പിക്കുന്നു. പരി. മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായോടും മലങ്കരയുടെ നിയുത്ക കാതോലിക്കയും മലങ്കര മെത്രാപ്പോലിത്തയും ആയ മോർ ജോസഫ് ഗ്രിഗോറിയോസ് തിരുമേനിയോടും നമ്മുടെ ഇടവക മെത്രാപ്പേലീത്ത അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് തിരുമേനിയോടും വളരെയധികം ബുദ്ധിമുട്ടുകൾക്കിടയിലും പഠന-ജോലി തിരക്കുകൾക്കിടയിലും ഓരോ പള്ളികളുടെയും ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന എല്ലാ പ്രിയ വൈദിക ശ്രേഷ്ഠരോടും ഭദ്രാസനത്തിന്റെ വളർച്ചുവേണ്ടി അക്ഷീണം പ്രയത്നിക്കുന്ന കൌൺസിൽ അംഗങ്ങളോടും ഇടവക അംഗങ്ങളോടുള്ള ഹൃദയംഗമായ നന്ദി അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഭദ്രാസന കൌൺസിലിന് വേണ്ടി

ഭദ്രാസന സെക്രട്ടറി: ഫാ. ജോഷ്വ റമ്പാൻ വെട്ടിക്കാട്ടിൽ
ഭദ്രാസന ജോയിന്റ് സെക്രട്ടറി: വർഗീസ് അബ്രഹാം പുതുകുന്നത്ത്

18 മാർച്ച് 2026
Vienna

വനിതാ സമാജം റിപ്പോർട്ട്

സെക്രട്ടറി : റ്റീന ജോസഫ്

ത്യയേക ദൈവത്തിന് സ്തുതി

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ ഗ്ലൈഹീക സിംഹാസനത്തിൽ വാണരുളുന്ന പരിശുദ്ധ മോറൻ മാർ ഇഗ്നാത്യോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന യൂറോപ്പ് ഭദ്രാസന വനിതാ സമാജത്തിന്റെ 2025 വർഷത്തിലെ പ്രവർത്തന റിപ്പോർട്ട്.

കർത്താവിൽ ഏറ്റവും സ്നേഹിക്കപ്പെടുന്നവരെ, 2025-2027 കാലഘട്ടത്തിലേക്കുള്ള യൂറോപ്പ് ഭദ്രാസനം വനിതാ സമാജം ഭാരവാഹികളെ ഭദ്രാസന പാത്രിയർക്കൽ വികാരിയും MSOC യൂറോപ്പ് വനിതാ സമാജം പ്രസിഡന്റ് അഭിവന്ദ്യ ഡോ. കുര്യാക്കോസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ വനിതാ സമാജം വൈസ് പ്രസിഡന്റ് ബഹുമാന്യ എൽദോസ് വട്ടപ്പറമ്പിൽ അച്ചനും ഭദ്രാസന സെക്രട്ടറി ബഹുമാന്യ ജോഷ്വാ റമ്പച്ചാനും സന്നിഹിതരായിരുന്നു. 29. 1. 2025, വൈകുന്നേരം 6.00 നു googlemeet-08 ജനറൽ ബോഡി മീറ്റിംഗിൽ, പുതിയ വർഷങ്ങളിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. കൂടാതെ 2024 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ശ്രീമതി വിൻസി ചെറിയാൻ അവതരിപ്പിച്ചു.

തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ:

സെക്രട്ടറി : റ്റീന ജോസഫ് (ജർമ്മനി)
ജോയിന്റ് സെക്രട്ടറി : അന്നമ്മ മോൻസി (സ്വിറ്റ്സർലൻഡ്)
ട്രഷറർ : മെറിൻ കുഞ്ഞുമോൻ (മാൾട്ട)
ജോയിന്റ് ട്രഷറർ : സീന ചാക്കോ (ഡെന്മാർക്ക്)
പ്രയർ കോഡിനേറ്റർസ് : സിന്ധു എബിജിൻ (നോർവേ)
പ്രീതി ഫിലിപ്പ് (ജർമ്മനി)
എക്സ് ഒഫീഷ്യൽ : ജെസ്സി തുരത്തിൻമേൽ (ഓസ്ട്രിയ)

കർത്താവിൽ പ്രിയരെ, യൂറോപ്പ് ഭദ്രാസന വനിതാ സമാജം ആരംഭിച്ച് മൂന്ന് വർഷം പ്രാർത്ഥനയുടെ ശക്തിയാൽ സ്വർഗ്ഗത്തിൽ നിന്നും ചെറുതും വലുതുമായ അനുഗ്രഹങ്ങളാൽ നമ്മേ ശക്തിപ്പെടുത്തി കൊണ്ടിരിക്കുന്ന ചെയിൻ പ്രയറും വളരെ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുന്നതിൽ ദൈവത്തിന്റെ അനന്തമേറിയ കരുണയെ നാം ഏറ്റവും താഴ്മയോടെ ഓർക്കുന്നു.

2025 ഫെബ്രുവരി രണ്ടാം തീയതി വൈകുന്നേരം ആറു മണിക്ക് വാഴ്സ്ആപ്പിൽ കൂടിയ ആദ്യ കമ്മിറ്റിയിൽ ഫോറത്തിന്റെ ഭാവി പ്രവർത്തനങ്ങൾ പ്രത്യേകിച്ച്, എക്സലൻസി അവാർഡ്, ദാനത്തെ കുറിച്ചുള്ള ഫണ്ട് ശേഖരണം, അവാർഡ് ആപ്ലിക്കേഷൻ ആവശ്യമായ ഗൂഗിൾ ഫോം രൂപീകരിക്കുന്നത്, ചെയിൻ പ്രയർ എന്നിവയായിരുന്നു പ്രധാന അജണ്ട.

മുൻകാലങ്ങളിലെ പോലെ അവാർഡിന്റെ കാര്യം അറിയിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനിയുടെ കല്പന യൂറോപ്പിലെ എല്ലാ ഇടവകകളിലും വായിക്കുന്നതിനെപ്പറ്റിയും അവാർഡിനെ പറ്റി ഒരു പ്രമോ വീഡിയോ ഉണ്ടാക്കി ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്യുന്നതിനും തീരുമാനം ഉണ്ടായി.

2025 മാർച്ച് മാസം പതിനാറാം തീയതി ബഹുമാന്യ എൽദോസ് വട്ടപ്പറമ്പിൽ കശിശയുടെ അധ്യക്ഷതയിൽ കൂടിയ കമ്മറ്റിയിൽ, ഓരോ കമ്മിറ്റി അംഗത്തിനും 500 യൂറോ വ്യക്തിഗതമായി ലക്ഷ്യം വച്ചുകൊണ്ട് ധനശേഖരണം ചെയ്യാൻ പള്ളികൾ ഓരോ അംഗങ്ങൾക്കും തരംതിരിച്ചു കൊടുത്തു. അവാർഡ് ദാനം കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ ആശംസ വീഡിയോ ബഹുമാന്യ വൈദികരുടെ ശേഖരിക്കുന്നതിനോടൊപ്പം ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് എന്നീ സമൂഹ മാധ്യമങ്ങളിൽ പങ്കുവയ്ക്കുവാനും തീരുമാനമായി.

വിജയികൾ ആവുന്ന പള്ളികൾക്കുള്ള ട്രോഫി, മൊമെന്റോ സെലക്ട് ചെയ്ത് ഓർഡർ ചെയ്യാൻ ശ്രീമതി ടീന ജോസഫിനെ ഏൽപ്പിച്ചു. അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 15 ആക്കി മാറ്റി തീരുമാനിച്ചു.

14 അപേക്ഷകൾ ലഭിച്ചതിൽ നിന്ന് ഏപ്രിൽ, മെയ് മാസങ്ങളിൽ ഭദ്രാസന സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ അവലോകന മീറ്റിങ്ങുകളിൽ 10 ഇടവകൾ ലിസ്റ്റ് ചെയ്തു, പ്രത്യേക ക്രോഡീകരണം നടത്തി മാർക്കിട്ടും, അതിൽ നിന്നും മാർക്ക് അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത 5 ഇടവകകളുടെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ കശീശയ്ക്ക് കൈമാറുകയും ചെയ്തു.

സെന്റ്.തോമസ് യാക്കോബിറ്റ് സിറിയൻ ചർച്ച്, നിലംപതിഞ്ഞി മുകൾ പള്ളിയിലെ വനിതാ സമാജം യൂണിറ്റിന് "MSOC Europe, Women's Forum Excellency Award- 2024" നൽകുവാൻ തീരുമാനിച്ചു. മലങ്കരയിൽ വച്ച് നടത്തുന്ന അവാർഡ് ദാനം ഏകോപിപ്പിക്കാൻ വേണ്ടി കമ്മിറ്റി ഭദ്രാസന സെക്രട്ടറി റ്റീന ജോസഫിനെ ചുമതലപ്പെടുത്തുകയും, റ്റീന നാട്ടിൽ പോയി അഭിവന്ദ്യ തിരുമേനിയുടെ നിർദ്ദേശപ്രകാരം ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

മെയ് 30 സെന്റ്. മേരിസ് യാക്കോബിറ്റ് സിറിയൻ പള്ളി, തുരുത്തിപ്ലിയിൽ നടന്ന അഖില മലങ്കര മർത്തമറിയം ദേശീയ സമ്മേളനത്തിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക അബുൻ മോർ ബസേലിയോസ് ജോസഫ് ബാവായും യൂറോപ്പ് ഭദ്രാസന വനിതാ സമാജം പ്രസിഡന്റ് അഭിവന്ദ്യ കുരിയാക്കോസ് മാർ തേയോഫിലോസ് തിരുമേനിയും ചേർന്ന് അവാർഡ് സമ്മാനിച്ചു. "മലങ്കര സഭയിലുള്ള വനിതാ സമാജങ്ങൾക്ക് പ്രചോദനവും അവരുടെ പ്രവർത്തനങ്ങൾക്ക് സഹായകരവുമാണ് ഈ അവാർഡ്" എന്ന് ശ്രേഷ്ഠ ബാവ തിരുമനസ് പറഞ്ഞതിനോടൊപ്പം മാതൃകാപരമായ പ്രവർത്തനം നടത്തുന്ന യൂറോപ്പ് വനിതാ സമാജത്തിനെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. മറ്റു ശ്രേഷ്ഠ ആചാര്യന്മാരും, വൈദിക ശ്രേഷ്ഠരും, സന്യാസിനികളും വിശിഷ്ടാതിഥികളും സന്നിഹിതരായിരുന്ന പ്രസ്തുത യോഗത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിനെ ഓർത്ത് ദൈവകരുണയിൽ അങ്ങേയറ്റം സന്തോഷിക്കുന്നു.

2025 മെയ് 2, 3, 4 തീയതികളിൽ പോളണ്ടിലെ ക്രോക്കാവിൽ വച്ച് നടത്തപ്പെട്ട എട്ടാമത് ഫാമിലി കോൺഫറൻസിൽ നമ്മുടെ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിലെ മർത്തമറിയം വനിതാ സമാജ അംഗങ്ങൾ പങ്കെടുത്തു.

ജൂൺ മാസം 29 ആം തീയതി ചേർന്ന കമ്മിറ്റി മീറ്റിങ്ങിൽ ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചൻ അധ്യക്ഷത വഹിച്ചു. അതിൽ അവാർഡ് ദാനത്തിന്റെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ച് ഒരു അവലോകനം നടത്തി. ശ്രീമതി റ്റീന ജോസഫ് അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തതിന്റെ അനുഭവം പങ്കുവെക്കുകയുണ്ടായി.

ഒക്ടോബർ മാസം 18, 19 തീയതികളിൽ ജർമ്മനിയിലെ ബെർലിനിൽ വച്ച് നടത്തിയ യൂത്ത് കോൺഫറൻസിലേക്ക് സംഭാവന നൽകാൻ ദൈവാനുഗ്രഹത്താൽ നമുക്ക് സാധിച്ചത് നന്ദിയോടെ ഓർക്കാം.

ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചന്റെ നിർദ്ദേശപ്രകാരം കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി യൂണിറ്റ് യൂറോപ്പ് ഭദ്രാസനത്തിനുള്ള ഭാരവാഹികളുമായി പാരിഷ് മീറ്റിംഗ് നടത്തി. 8 ഇടവകളുമായി നടത്തിയ മീറ്റിങ്ങിൽ നിന്ന്, യൂണിറ്റ് തല പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. അതോടൊപ്പം, സമാജം ഭദ്രാസന തല പ്രവർത്തനങ്ങളിൽ എങ്ങനെയൊക്കെ മാറ്റങ്ങൾ വരുത്താം എന്നും നമ്മുടെ സഹോദരങ്ങളിൽ നിന്നും വിലയേറിയ അഭിപ്രായങ്ങൾ ശേഖരിക്കുവാനും സാധിച്ചു.

2025 വർഷ അവസാനത്തിൽ കമ്മിറ്റി അംഗമായ ശ്രീമതി ജെസ്സി തുരുത്തൻമേൽ വ്യക്തിപരമായ കാരണങ്ങളാൽ കമ്മിറ്റിയിൽ തുടർന്ന് പ്രവർത്തിക്കാൻ തടസ്സങ്ങൾ ഉള്ളതിനാൽ മാറിനിൽക്കുന്നു എന്നു അറിയിക്കുകയും ഇതിനെ തുടർന്ന് കമ്മിറ്റിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വൈസ് പ്രസിഡന്റ് ബഹുമാനപ്പെട്ട എൽദോസ് അച്ചൻ അഭിവന്ദ്യ തിരുമേനി മുമ്പാകെ കമ്മിറ്റിക്ക് പുറമേ ഒരു സബ് കമ്മിറ്റിയെ തിരഞ്ഞെടുക്കാനുള്ള അനുവാദത്തിന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 2026 -ൽ പ്രധാന കമ്മിറ്റിയോടൊപ്പം ഒരു സബ് കമ്മിറ്റിയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. അതോടൊപ്പം എല്ലാ ഇടവകകളിലും യൂണിറ്റ് തലത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും അവരെ ചേർത്ത് യോഗങ്ങൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

നാൾ ഇതുവരെയും വനിതാ സമാജത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ നിർദേശങ്ങളും, ഉപദേശങ്ങളും നൽകി ഞങ്ങളെ മുന്നിൽ നിന്ന് നയിക്കുന്ന അഭിവന്ദ്യ തേയോഫിലോസ് തിരുമേനിയോടും വനിതാ സമാജം വൈസ് പ്രസിഡന്റ് ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചനോടും, ഭദ്രാസനത്തിലെ എല്ലാ ഇടവകകളോടും, ഭദ്രാസന സെക്രട്ടറി, ഭദ്രാസന ട്രഷറർ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, എല്ലാ ഇടവകകളിലും വികാരിമാർ, ഭരണസമിതി അംഗങ്ങൾ, കൂടെ നിന്ന് പ്രവർത്തിക്കുന്നതും, പ്രവർത്തിച്ചതുമായ സഹപ്രവർത്തകരായ സിന്ധു എബിജിൻ, അന്നമ്മ മോൻസി, മെറിൻ കുഞ്ഞുമോൻ, സീന ചാക്കോ, പ്രീതി ഫിലിപ്, ജെസ്സി തുരുത്തുമ്മേൽ എന്നിവരോടും, അതിലുപരി സർവശക്തനായ ദൈവത്തിനോടും നന്ദിയും, സ്നേഹവും ഏറ്റവും

താഴ്മയോടെ ഓർക്കുന്നു. വനിതാ സമാജം പ്രവർത്തനങ്ങൾ വരുംകാലങ്ങളിലും അഭിമാനകരവും അനുഗ്രഹപ്രദവും മാതൃകാപരമായ തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു.

എന്ന്
വനിതാ സമാജം യൂറോപ്പ് കമ്മിറ്റിക്കു വേണ്ടി
സെക്രട്ടറി: റ്റീന ജോസഫ്
ട്രഷറർ: മെറിൻ കുഞ്ഞുമോൻ

വരവ് ചിലവ് കണക്കുകൾ

2025 ഓപ്പണിങ് ബാലൻസ് -	1029.00€	
11 ഇടവകകളിൽ നിന്നും ലഭിച്ച തുക -	1897.84€	
ആകെ വരവ്. -	**2926.84€**	
2025 എക്സലൻസി അവാർഡ് ചിലവ് -		1353.46€
യൂത്ത് മീറ്റിന് വേണ്ടി നൽകിയ തുക -		250.00€
വ്യക്തിപരമായ സംഭാവനകൾ -		250.00€
ആകെ ചിലവ്.		**1853.46€**
2026 ഓപ്പണിങ് ബാലൻസ് -	1323.38€	

MJSSA EUROPE ANNUAL REPORT 2025-2026

Malankara Jacobite Syrian Sunday School Association Europe

Glory to God!

With immense gratitude to God and His abundant mercy, we humbly present the annual report for the 2025-2026 academic year of the European Online Sunday School (MJSSA Europe). All glory is given to our Almighty God for the outstanding achievements and spiritual growth realized throughout this year. This year, under the leadership of respective vicars and teachers, all churches have now started physical Sunday School sessions following Holy Qurbana when possible. This is in addition to the online Sunday School platform.

Visionary Leadership & Faculty

This year's success is built upon the dedicated leadership that has guided MJSSA Europe since its inception:

- **President:** H.E. Dr. Kuriakose Mor Theophilose, Diocesan Metropolitan.
- **Vice-President:** Very Rev. Joshua Rambachan.
- **Director:** Mr. Sudhish Mathew.
- **Spiritual Guidance:** Invaluable support was provided by the priests of the diocese, including Rev. Fr. Paul P. George and Rev. Fr. Eljo Avrachan.
- **Faculty:** We are supported by a team of **25 committed teachers**. We are also pleased to welcome **Rev. Dn. Jewel Raju** to our teaching faculty this year.
- **Administrative Meeting:** On October 14th, a meeting of all Sunday School Heads was convened with our Thirumeni, H.E. Dr. Kuriakose Mor Theophilose, to coordinate our growing educational efforts.

Student Body & Academic Overview

- **Enrollment**: A total of **180 students** are actively engaged in our online biblical studies.
- **Curriculum**: Classes were offered for **Grades 1 through 10**.
- **Technical Updates**: The **Attendance Register App** was updated to be more user-friendly, ensuring smooth administrative coordination for our teachers.
- **Examinations**: Mid-term examinations were conducted systematically on **January 18th and 25th, 2026**, using electronic platforms.

Spiritual Engagement & Student Life

We strive to make the Sunday School a cornerstone of our children's spiritual journey:

- **Liturgical Participation**: Children are actively engaged in the spiritual life of the church by participating in prayers at the commencement and conclusion of each Sunday School session, where they also recite the bible verses learnt during the week.
- **Lenten Reflections**: During the Great Lent, students participated in a daily video series led by **Rev. Fr. Renju Kurian**. We extend special thanks to **Ablin** for his dedicated service in collecting and posting these videos to social media every day.
- **Talent's Day**: On **October 19, 2025**, an online "Talent's Day" was organized, allowing students to showcase their God-given skills and interests.

- **Christmas Celebration**: A special Carol event was held for the children on **December 21, 2025**, celebrating the Nativity of our Lord.

Special Programs & Conferences

- **Krakow Family Conference**: In **May 2-4, 2025**, a special section was conducted specifically for Sunday School children during the Family Conference held in Krakow.
- **Online JSVBS**: Conducted from **August 14-16**, Vacation Bible School provided a virtual space for fellowship and learning. We extend our sincere thanks to **Mr. Eldhose Palpath**for his dedicated leadership in organizing this event.
- **Parenting Class**: On **October 10, 2025**, an insightful session titled *"Together We Grow: A Parenting Journey"* was conducted via Zoom. The class was led by **Sr. Simi Pulikkottil, MSMI** (Leuven, Belgium), focusing on building Christ-centered homes and strengthening family bonds through faith.

Publications & Future Initiatives

- **Cherubim Magazine**: The next edition of our digital magazine, *Cherubim*, is scheduled for the **first week of June**. This issue will feature creative contributions from both our **students and teachers**.
- **Upcoming Events**: We look forward to the **Liturgical Song Competition** (tentatively April 26) and a future **Bible Verse and Quiz Competition**.

Conclusion

As we conclude this report, we thank the parents and children for their unwavering commitment. May the grace of our Lord continue to guide MJSSA Europe as we grow together as one Church family.

MALANKARA SYRIAN ORTHODOX CHURCH

YOUTH ASSOCIATION – EUROPE

Annual Report

June 2024 – December 2025

Introduction

The MSOC Youth Association Europe is an integral organisational body of the Malankara Syriac Orthodox Church in Europe. Its mandate is to nurture the spiritual formation, cultural identity, and social engagement of young members of the Church community. The Association pursues this mission through structured programmes, retreats, conferences, and fellowship initiatives, all firmly rooted in the traditions and theological heritage of the Malankara Syrian Orthodox Church.

The reporting period, June 2024 to December 2025, witnessed the successful implementation of several significant initiatives. These activities were carried out under the spiritual leadership of President H.G. Dr. Kuriakose Mor Theophilos Metropolitan and the dedicated guidance of the Executive Committee, and reflect the Association's ongoing commitment to fostering a generation of faithful, informed, and service-oriented young Christians.

Executive Committee

The following office-bearers constituted the Executive Committee of the MSOC Youth Association Europe during the reporting period:

Position	Name
President	H.G. Dr. Kuriakose Mor Theophilos Metropolitan
Vice President	Rev. Fr. Abraham Renju Kurian
Secretary	Isaac Roy
Joint Secretary	Anitta Thomas
Treasurer	Basil Reji

Committee Members

In addition to the office-bearers, the following individuals served as elected members of the Executive Committee:

- Binoy Varghese
- Ben Basil
- Basil James
- Nirmal Kurian
- Sherin Chandy
- Tony Abraham

Report of Activities

i. Online Youth Meetings

In continuation of a practice established in prior years, the Association conducted a series of Online Youth Meetings throughout the reporting period. These gatherings provided a

structured and accessible forum for young members across Europe to engage in theological reflection, discuss the contemporary challenges confronting Christian youth, and draw mutual encouragement from shared faith.

The sessions featured addresses by several distinguished clergy and scholars:

- H.E. Mor Yulius Elias Metropolitan delivered an address titled "You Are Not Alone," affirming the role of the Church community as a source of strength and solidarity for young people in times of personal and social difficulty.
- H.E. Mor Anthimos Mathews Metropolitan addressed the gathering on the theme "Talented for Tomorrow – A Mission to Serve Humanity," calling upon youth to recognise their God-given gifts as instruments of service to the wider community.
- Rev. Fr. Dr. Thomas Manimala presented a talk titled "Informed, but Not Influenced: Challenges of Christian Youth," underscoring the importance of discernment and the preservation of Christian values in an era of pervasive media and cultural influence.
- Rev. Fr. Dr. Jacob Joseph led a session titled "Does Faith Matter in Modernity," inviting participants to examine the relevance and vitality of faith within the context of contemporary life.

The Online Youth Meetings served as a valuable and consistent platform for theological engagement, spiritual encouragement, and communal solidarity among youth members across the continent.

ii. Online Youth Retreat – April 2025

An Online Youth Retreat was held in April 2025, conducted under the spiritual direction of Rev. Fr. Sanu Mathew. The retreat was designed to provide participants with a dedicated period of spiritual renewal, meditative prayer, and personal reflection, separate from the routine of daily life.

Through guided sessions and communal prayer, participants were led to a deeper examination of their faith and a renewed sense of commitment to the Christian life. The retreat was received with appreciation as a spiritually restorative experience, contributing meaningfully to the personal and collective formation of the youth.

iii. Revive '25 – MSOC Youth Europe Conference, Berlin

The most significant event of the reporting period was Revive '25, the MSOC Youth Europe Conference, convened in Berlin on 18 and 19 October 2025. The conference was held under the theme "Rise Up and Shine" and attended by approximately 80 participants, comprising youth delegates drawn from various regions across Europe. The gathering offered a two-day programme of worship, fellowship, and spiritual formation.

The proceedings were as follows:

- The conference commenced with Morning Prayer, followed by registration and a welcome breakfast for delegates.
- The formal programme was opened with a Flag Hoisting Ceremony and an Ice-Breaking Session designed to facilitate fellowship and interaction among participants from diverse backgrounds.
- The Inauguration Ceremony was addressed by Rev. Fr. Abraham Renju Kurian, Vice President of the MSOC Youth Association Europe. The conference was formally inaugurated by H.E. Dr. Mor Theophilos Kuriakose Metropolitan,

Patriarchal Vicar of the Europe Diocese, who delivered the keynote address, exhorting the youth to remain steadfast in their faith and to embrace an active role in the life of the Church.

- The principal address, delivered by Mr. Varghese Abraham, expounded upon the conference theme, encouraging the youth to recognise their inherent potential, maintain their faith under pressure, and contribute purposefully to both the Church and society at large.
- Felicitations were extended by V. Rev. Joshua Ramban (Vienna), Pfr. Murat Üzel of St. Jakob Syrische Orthodoxe Kirche, Berlin, and Pfr. Burkhard Bornemann of Zwölf-Apostel Evangelische Kirche, Berlin.
- The inaugural session was concluded with a Vote of Thanks delivered by Isaac Roy, Secretary of the MSOC Youth Association Europe.

Revive '25 constituted a landmark occasion for the Association, demonstrating the vitality of the youth community across Europe and reinforcing bonds of fellowship and shared purpose among its members.

Financial Statement

The following summarises the financial position of the MSOC Youth Association Europe for the period April 2025 to March 2026:

Financial Statement (April 2025 – March 2026)	Amount (EUR)
Total Income	€ 5,795.00
Total Expenses	€ 3,505.74
Net Balance (Surplus)	€ 2,289.26

The Association recorded a net surplus of €2,289.26 for the financial period. This surplus shall be carried forward to the subsequent financial year in support of the Association's forthcoming programmes and activities.

Conclusion

The period from June 2024 to December 2025 has been a year of considerable achievement and spiritual vitality for the MSOC Youth Association Europe. The Association successfully delivered a diverse range of programmes – from regular online meetings and a spiritual retreat to the landmark Revive '25 conference – each contributing to the holistic formation of its members and the strengthening of the wider Church community.

The Executive Committee places on record its sincere gratitude to H.G. Dr. Kuriakose Mor Theophilos Metropolitan for his steadfast spiritual leadership, and extends its appreciation to all clergy, speakers, volunteers, and members whose dedication and generosity made these activities possible.

The MSOC Youth Association Europe remains firmly committed to its mission of cultivating spiritually grounded, socially responsible, and service-oriented young Christians who bear faithful witness to the Gospel in the European context.